ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.10.2026** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് കേരളത്തിലെത്തും. കോഴിക്കോട് നടക്കുന്ന നവരാത്രി സർഗ്ഗോത്സവവും, സാംസ്കാരിക സമ്മേളനവും ഉദ്ഘാടനം ചെയ്യും.
   Vice President C. P. Radhakrishnan will visit Kerala today. The Vice President will Inaugurate the Navaratri Sargotsavam and Cultural Conference in Kozhikode.

2. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള വ്യാപാര കരാർ എത്രയും വേഗം പൂർത്തിയാകുമെന്ന പ്രതീക്ഷ പങ്കുവച്ച് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ.
   Union Finance Minister Nirmala Sitharaman expresses hope for early conclusion of India-US trade deal.

3. പതിനാറാം നിയമസഭയുടെ രണ്ടാം സമ്മേളനത്തിന്റെ അഞ്ചാം ദിനത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിഞ്ഞു. ഇനി സഭ ചേരുക ഈ മാസം 26 ന്.
   Kerala Assembly adjourns for the day after completing proceedings on fifth day of second session of 16th Assembly; Next sitting on October 26.

4. പശ്ചിമേഷ്യൻ മേഖലയിൽ ചരക്കുകപ്പലുകൾക്കും ഇന്ത്യൻ നാവികർക്കും നേരെ തുടർച്ചയായുണ്ടാകുന്ന ആക്രമണങ്ങളിൽ കടുത്ത ആശങ്ക രേഖപ്പെടുത്തി ഇന്ത്യ.
   India expresses serious concern over continued attacks on Cargo ships and Indian Seafarers in West Asia.

5. പ്രതിഷേധങ്ങൾ റിപ്പോർട്ട് ചെയ്യുന്ന മാധ്യമപ്രവർത്തകർക്കായി പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ.
   Press Council of India issues new guidelines for Journalists covering protests and demonstrations.

6. ഇന്ത്യ - സിംബാബ്‌വെ വനിതാ ടി20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന്.
   First match of India-Zimbabwe women's T20 Cricket series to be played today.

## VP (INTRO)

രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും സുരക്ഷയ്ക്കും സമൃദ്ധിക്കും ഇന്ത്യൻ മഹാസമുദ്ര മേഖല വളരെ പ്രധാനപ്പെട്ടതാണെന്ന് ഉപരാഷ്ട്രപതി സിപി രാധാകൃഷ്ണൻ. ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച നാവികസേനാ കപ്പൽ 'സമർത്ഥക്', കർണാടകയിലെ ഐഎൻഎസ് കദംബ നേവൽ ബേസിൽ നടന്ന ചടങ്ങിൽ രാജ്യത്തിന് സമർപ്പിക്കുകയായിരുന്നു ഉപരാഷ്ട്രപതി. നൂറ്റാണ്ടുകൾ പഴക്കമുള്ള സമ്പന്നവും മഹത്തായതുമായ നാവിക പാരമ്പര്യമുള്ള രാജ്യമാണ് ഇന്ത്യയെന്നും ഏത്

വെല്ലുവിളികളെയും നേരിടാനും ഇന്ത്യൻ നാവികസേന സുസജ്ജമാണെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

**********************************

## VP - KERALA

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഇന്ന് കോഴിക്കോട് സന്ദർശിക്കും. കേസരി ഭവനിൽ നടക്കുന്ന നവരാത്രി സർഗ്ഗോത്സവവും, സാംസ്കാരിക സമ്മേളനവും അദ്ദേഹം ഉദ്ഘാടനം ചെയ്യും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ചടങ്ങിൽ പങ്കെടുക്കും. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് ഇന്ന് വൈകിട്ട് 4 മണി മുതൽ കോഴിക്കോട് നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. നഗരസഭാ പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് ഉച്ചയ്ക്കുശേഷം ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു.

**********************************

## FM-INDIA-US-DEAL

ഇന്ത്യയും അമേരിക്കയും തമ്മിലുള്ള വ്യാപാര കരാർ എത്രയും വേഗം പൂർത്തിയാകുമെന്ന പ്രതീക്ഷ പങ്കുവച്ച് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ബാങ്കോക്കിൽ നടക്കുന്ന ഐഎംഎഫ്-വേൾഡ് ബാങ്ക് വാർഷിക യോഗത്തോടനുബന്ധിച്ച് 'അറ്റ്ലാന്റിക് കൗൺസിലുമായി' നടന്ന സംവാദത്തിൽ പങ്കെടുക്കുകയായിരുന്നു മന്ത്രി. ഇന്ത്യ-യുഎസ് സാമ്പത്തികസഹകരണം കൂടുതൽ ശക്തിപ്പെടുത്താനും ആഗോള വ്യാപാര മേഖലയ്ക്ക് കരുത്തേകാനും കരാർ ഉപകരിക്കുമെന്നും ധനമന്ത്രി പറഞ്ഞു. വ്യാപാര കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ സജീവമായി പുരോഗമിക്കുകയാണെന്നും, കരാറിന്റെ ഒന്നാം ഘട്ടത്തിന് അന്തിമരൂപമായെന്നും ശ്രീമതി സീതാരാമൻ വ്യക്തമാക്കി.

**********************************

## ASSEMBLY

പതിനാറാം നിയമസഭയുടെ രണ്ടാം സമ്മേളനത്തിൻറെ അഞ്ചാം ദിനത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കി സഭ ഇന്നത്തേക്ക് പിരിഞ്ഞു. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സഭ പരിഗണിച്ചു. സംസ്ഥാനത്ത് ഓർഡിനറി ബസ്സുകൾ വർദ്ധിപ്പിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നതെന്ന് മന്ത്രി സിപി ജോൺ ചോദ്യോത്തരവേളയിൽ സഭയെ അറിയിച്ചു. ശബരിമല സന്നിധാനത്തേക്ക് നെയ്യ് കൊണ്ട് പോകും മുൻപ് പമ്പയിൽ വെച്ച് തന്നെ പരിശോധിച്ചു ഗുണനിലവാരം ഉറപ്പുവരുത്തുമെന്ന് മന്ത്രി കെ മുരളീധരൻ ചോദ്യങ്ങൾക്ക് മറുപടിയായി സഭയിൽ പറഞ്ഞു. സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും സ്ഥിരം വൈസ് ചാൻസിലർമാരെ നിയമിക്കുന്നതിനുള്ള നടപടി തുടരുകയാണെന്ന് മന്ത്രി റോജി എം ജോൺ വ്യക്തമാക്കി.പൂജാ അവധിക്ക് ശേഷം ഈ മാസം 26 നാവും സമ്മേളനം പുനരാരംഭിക്കുക.¬

**********************************

## EC - SSR

കേരളം, തമിഴ്നാട്, ലക്ഷദ്വീപ് ഉൾപ്പെടെ രാജ്യത്തെ 17 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും സംക്ഷിപ്ത വോട്ടർ പട്ടിക പരിഷ്കരണത്തിന് നിർദ്ദേശം നൽകി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. 2027 ജനുവരി 1 യോഗ്യതാ തീയതിയായി നിശ്ചയിച്ചാണ് നടപടി. എസ്.ഐ.ആർ നടന്നുകൊണ്ടിരിക്കുന്നതോ അടുത്തിടെ പൂർത്തിയായതോ ആയ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും, SSR-നുള്ള സമയക്രമം പിന്നീട് അറിയിക്കുമെന്ന് കമ്മീഷൻ വ്യക്തമാക്കി.

**********************************

## INDIA- WEST ASIA UN (INTRO)

പശ്ചിമേഷ്യൻ മേഖലയിൽ ചരക്കുകപ്പലുകൾക്കും ഇന്ത്യൻ നാവികർക്കും നേരെ തുടർച്ചയായുണ്ടാകുന്ന

ആക്രമണങ്ങളിൽ കടുത്ത ആശങ്ക രേഖപ്പെടുത്തി ഇന്ത്യ. ഐക്യരാഷ്ട്ര രക്ഷാ സമിതിയിൽ പശ്ചിമേഷ്യൻ വിഷയവുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിലാണ് ഇന്ത്യയുടെ സ്ഥിരം പ്രതിനിധി ഹരീഷ് പർവ്വതനേനി നിലപാട് വ്യക്തമാക്കിയത്.

(ഹോൾഡ് വോയിസ്)

**********************************

## MEA - SAUDI ARABIA ADVISORY

സൗദി അറേബ്യയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത്, പ്രാദേശിക അധികൃതർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കണമെന്ന് റിയാദിലെ ഇന്ത്യൻ എംബസിയുടെ അറിയിപ്പ്. സൗദിയിൽ നിന്ന് അടിയന്തിരമായി മടങ്ങാൻ ആഗ്രഹിക്കുന്ന ഇന്ത്യക്കാർക്ക് ബഹ്റൈൻ, കുവൈറ്റ്, ഖത്തർ തുടങ്ങിയ അയൽരാജ്യങ്ങളിൽ നിന്നുള്ള വിമാന സർവീസുകൾ പരിഗണിക്കാവുന്നതാണെന്നും എംബസി അറിയിച്ചു.

**********************************

## AIR INDIA- FLIGHT CANCEL

സൗദി അറേബ്യയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്തു റിയാദ്, ദമാം, ജിദ്ദ എന്നിവിടങ്ങളിലേക്കും തിരിച്ചുമുള്ള വിമാന സർവീസുകൾ റദ്ദാക്കി എയർ ഇന്ത്യ. യാത്രക്കാരുടെ സുരക്ഷ മുൻനിർത്തി ഈ മാസം 20 വരെയാണ് നടപടി. യാത്രക്കാർക്ക് മുഴുവൻ തുകയും റീഫണ്ട് നൽകുമെന്നും എയർ ഇന്ത്യ സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു.

**********************************

## PCI - GUIDELINES

പ്രതിഷേധങ്ങൾ റിപ്പോർട്ട് ചെയ്യുന്ന മാധ്യമപ്രവർത്തകർക്കായി പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പ്രസ് കൗൺസിൽ ഓഫ് ഇന്ത്യ. സംഘർഷ സ്ഥലങ്ങളിൽ മാധ്യമപ്രവർത്തകർ സുരക്ഷിത അകലം

പാലിക്കണമെന്നും തിരിച്ചറിയൽ കാർഡ് നിർബന്ധമായും ധരിക്കണമെന്നും നിർദേശത്തിൽ പറയുന്നു. ഫ്രീലാൻസർമാർ റിപ്പോർട്ടിങ്ങ് നടത്തുന്ന സ്ഥലവും സമയവും എഡിറ്ററെ മുൻകൂട്ടി അറിയിക്കണം. പോലീസിന്റെ തത്സമയ നീക്കങ്ങൾ സംപ്രേക്ഷണം ചെയ്യരുതെന്നും സ്ഥിരീകരിച്ച വിവരങ്ങൾ മാത്രം നിഷ്പക്ഷമായി നൽകണമെന്നും നിർദേശമുണ്ട്.

**********************************

## PM - 25 YEARS - GIVE IT UP CAMPAIGN (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിന്റെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. രാജ്യത്തെ പാവപ്പെട്ട സ്ത്രീകൾക്ക് സൗജന്യ പാചകവാതക കണക്ഷൻ ഉറപ്പാക്കാൻ സഹായിച്ച കേന്ദ്ര സർക്കാരിന്റെ 'ഗിവ് ഇറ്റ് അപ്' ജനകീയ ക്യാമ്പയിനെക്കുറിച്ചാണ്, 'ജനസേവനമാണ് ദേശസേവനം' എന്ന ആകാശവാണി പ്രത്യേക പരമ്പരയിൽ ഇന്ന്.

**വിശദാംശങ്ങളിലേക്ക്......**

*(വോയിസ്)*

*സാമ്പത്തികമായി ശേഷിയുള്ള ഉപഭോക്താക്കൾ പാചകവാതക സബ്സിഡി സ്വമേധയാ ഉപേക്ഷിക്കുന്നതിനായി 2015-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആരംഭിച്ച ജനകീയ ക്യാമ്പയിനാണ് 'ഗിവ് ഇറ്റ് അപ്'. ഇതിലൂടെ ഒരു കോടി പതിമൂന്ന് ലക്ഷത്തിലധികം എൽ.പി.ജി ഉപഭോക്താക്കളാണ് സബ്സിഡി സ്വമേധയാ ഉപേക്ഷിച്ചത്. ഇതിലൂടെ ലാഭിച്ച തുക ഉപയോഗിച്ച്, പ്രധാനമന്ത്രി ഉജ്ജ്വല യോജന വഴി രാജ്യത്തുടനീളമുള്ള പാവപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകൾക്കായി പത്ത് കോടി അമ്പത്തിയാറ് ലക്ഷത്തിലധികം സൗജന്യ എൽ.പി.ജി കണക്ഷനുകൾ സർക്കാർ നൽകി. വിറകും ചാണകവും ഉപയോഗിച്ച് അടുപ്പിൽ പാചകം*

*ചെയ്തിരുന്ന ലക്ഷക്കണക്കിന് ഗ്രാമീണ സ്ത്രീകൾക്ക് ആരോഗ്യകരവും ശുദ്ധവുമായ പാചക ഇന്ധനം ഉറപ്പാക്കാൻ ഇതിലൂടെ സാധിച്ചു. പൗരന്മാരിൽ സാമൂഹിക ഉത്തരവാദിത്തബോധം വളർത്താനും എല്ലാവർക്കും ശുദ്ധമായ പാചക ഇന്ധനം ഉറപ്പാക്കാനും 'ഗിവ് ഇറ്റ് അപ്' കാമ്പെയ്ൻ നിർണായക പങ്കുവച്ചിട്ടുണ്ട്.*

*ന്യൂസ് ഡെസ്ക് ആകാശവാണി...*

**********************************

## NAVARATRI - HOLIDAY

ദുർഗ്ഗാഷ്ടമിയോട് അനുബന്ധിച്ച് കേരളത്തിൽ ഈ മാസം 19 ന് പൊതു അവധി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാർ ഉത്തരവിറക്കി. പ്രൊഫഷണൽ കോളേജ് ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, അവധി ബാധകമാണ്.

**********************************

## GOVT - ATF

പെട്രോൾ, ഡീസൽ, വിമാന ഇന്ധനം എന്നിവയുടെ അടുത്ത രണ്ടാഴ്ച കാലത്തെ പുതുക്കിയ കയറ്റുമതി തീരുവ പ്രഖ്യാപിച്ച് കേന്ദ്ര സർക്കാർ. പെട്രോൾ ലിറ്ററിന് 2.5 രൂപയും ഡീസലിന് 8.5 രൂപയുമാണ് കയറ്റുമതി തീരുവ. വിമാന ഇന്ധനത്തിന്റെ തീരുവ ലിറ്ററിന് 10.5 രൂപയായി തുടരും. പുതുക്കിയ നിരക്കുകൾക്ക് ഇന്ന് മുതൽ പ്രാബല്യമുണ്ട്.

**********************************

## AMIT SHAH - NSG

എൻ.എസ്.ജി സ്ഥാപക ദിനത്തിൽ ആശംസകൾ നേർന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഇന്ത്യയ്ക്ക് നേർക്കുള്ള എല്ലാ ഭീകരവാദ ഭീഷണികളെയും നിർവീര്യമാക്കാൻ നാഷണൽ സെക്യൂരിറ്റി ഗാർഡിന് സാധിക്കുന്നതായി പറഞ്ഞ അദ്ദേഹം ധീരമായും, ത്യാഗമനോഭാവത്തോടെയുമാണ് എൻ.എസ്.ജി പ്രവർത്തിക്കുന്നതെന്നും ചൂണ്ടിക്കാട്ടി.

*********************************

## KATTABOMMAN-MARTYRDOM

ബ്രിട്ടീഷുകാർക്കെതിരെ സധൈര്യം പോരാടിയ ധീരദേശാഭിമാനി വീരപാണ്ഡ്യ കട്ടബൊമ്മൻറെ രക്തസാക്ഷിത്വ ദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം. 1799 ൽ ഇതേദിവസമാണ് തൂത്തുക്കുടിക്ക് സമീപം ബ്രിട്ടീഷുകാർ അദ്ദേഹത്തെ തൂക്കിലേറ്റിയത്. ചെന്നൈ ലോക്ഭവനിലെ വീരപാണ്ഡ്യ കട്ടബൊമ്മൻറെ ഛായാചിത്രത്തിന് മുന്നിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പുഷ്പാർച്ചന നടത്തി.

*********************************

## CRICKET IND - ZIM

ഇന്ത്യ - സിംബാബ്‌വെ വനിതാ ടി20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് റായ്പൂരിൽ . രാത്രി 7 മണിക്കാണ് കളി ആരംഭിക്കുക. ഛത്തീസ്ഗഢ് മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം, മത്സരം കാണാൻ സ്ത്രീകൾക്ക് സൗജന്യ പ്രവേശനം ഏർപ്പെടുത്തിയിട്ടുണ്ട്.

*********************************

## IND VS WI T20

ഇന്ത്യ-വെസ്റ്റ് ഇൻഡീസ് ടി-20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ. ബംഗളൂരുവിലെ എം ചിന്നസ്വാമി സ്റ്റേഡിയത്തിൽ വൈകുന്നേരം 7 മണിക്ക് കളി ആരംഭിക്കും. രണ്ട് മത്സരങ്ങൾ വീതം വിജയിച്ച ഇരുടീമുകൾക്കും പരമ്പര സ്വന്തമാക്കാൻ നാളത്തെ മത്സരം നിർണായകമാണ്.

*********************************

## RAIN - KERALAM

കേരളത്തിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് എല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ അധികൃതരുടെ

നിർദേശാനുസരണം സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് മാറി താമസിക്കേണ്ടതാണ്.
*********************************

## PM CANADA

പ്രധാനമന്ത്രി നരേന്ദ്രമോദി ഡിസംബർ 11, 12 തീയതികളിൽ കാനഡ സന്ദർശിക്കും. കാനഡയിലെ ഇന്ത്യൻ ഹൈക്കമ്മീഷനാണ് ഇക്കാര്യം അറിയിച്ചത്. ഇരുരാജ്യങ്ങൾക്കുമിടയിലെ ബന്ധം കൂടുതൽ ക്രിയാത്മകമായി നിലനിർത്താൻ, കനേഡിയൻ പ്രധാനമന്ത്രി മാർക് കാർണിയുമായി ശ്രീ മോദി അടുത്തിടെ നടത്തിയ ടെലഫോൺ സംഭാഷണത്തിൽ ധാരണയായിരുന്നു.